# നാളികേര ഉൽപ്പന്ന കമ്പനികൾക്ക് ബജറ്റിൽ മാറ്റിയ 15 കോടി രൂപ സർക്കാർ ലാപ്സാക്കി

കൊച്ചി ● നാളികേര ഉൽപന്ന കമ്പനികൾക്ക് എല്ലാ സഹായവും നൽകുമെന്ന് ആവർത്തിച്ചു പ്രഖ്യാപിച്ച സർക്കാർ നാളികേര ഉൽപാദന കമ്പനികൾക്കു സബ്സിഡി ഇനത്തിൽ ബജറ്റിൽ മാറ്റിവച്ച 15 കോടി രൂപ ലാപ്സാക്കി.

കഴിഞ്ഞ വർഷം ജൂൺ 30 ന് ഫൈനാൻസ് അഡീഷനൽ ചീഫ് സെക്രട്ടറി ചെയർമാനായ പ്രത്യേക വർക്കിങ് ഗ്രൂപ്പ് പദ്ധതി പരിശോധിച്ചു പാസാക്കി അഡ്മിനിസ്ട്രേറ്റീവ് വിഭാഗം അംഗീകാരം നൽകിയിട്ടും ബജറ്റിൽ നീക്കിവച്ച തുകയിൽ നിന്നു ഒരു രൂപ പോലും സർക്കാർ വിതരണം ചെയ്തില്ല. കർഷകർ മാത്രം ഓഹരി ഉടമകളായ 12 നാളികേര ഉൽപാദന കമ്പനികൾ സബ്സിഡി തുകയ്ക്കായി ഒരു വർഷം സർക്കാർ ഓഫിസുകൾ കയറിയിറങ്ങി മുഖ്യമന്ത്രിക്കും കൃഷിമന്ത്രിക്കും നിവേദനം നൽകിയിരുന്നു.

കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നുൾപ്പെടെ കോടിക്കണക്കിനു രൂപ വായ്പയെടുത്ത് നീര ഉൾപ്പെടെയുള്ള നാളികേര ഉൽപന്നങ്ങളുടെ നിർമാണം ലക്ഷ്യമിട്ട കമ്പനികൾ ഇതോടെ വൻ വായ്പാ ബാധ്യതയിലായി. ഇതിൽ അഞ്ചു കമ്പനികൾ ഉൽപാദനം ആരംഭിച്ചവയുമാണ്. മുതൽമുടക്കിന്റെ 25%, പരമാവധി ഒരു കോടി രൂപവരെ ബാങ്കിലേക്കു നേരിട്ടു നൽകുമെന്നായിരുന്നു സർക്കാരിന്റെ സബ്സിഡി വാഗ്ദാനം.

സംസ്ഥാനത്തേക്കു നിക്ഷേപം ആകർഷിക്കാൻ വിദേശത്തും മറ്റു സംസ്ഥാനങ്ങളിലും മേളകൾ സംഘടിപ്പിക്കുന്ന സർക്കാർ കർഷകർക്കു നൽകാൻ ബജറ്റിൽ വകയിരുത്തിയ തുക നഷ്ടപ്പെടുത്തിയതു ശരിയായില്ലെന്നു നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു. സർക്കാർ മുടക്കുന്ന തുകയുടെ നാലിരട്ടി തുക കർഷകരുടെ നിക്ഷേപമായി വരുന്ന സാഹചര്യമാണു സർക്കാർ നഷ്ടപ്പെടുത്തിയത്.

എല്ലാ കർഷകർക്കും നീര ഉൽപാദിപ്പിക്കാൻ ലൈസൻസ് നൽകുമെന്നു പരസ്യമായി പ്രഖ്യാപിച്ചവർ തന്നെ കർഷകരുടെ സംരംഭങ്ങൾക്ക് അനുമതി നൽകാതിരിക്കുന്നത് അനീതിയാണെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്ത് ഏഴു ലക്ഷത്തിലേറെ കർഷകരാണ് 6315 ഉൽപാദക സംഘങ്ങളിലും 361 നാളികേര ഉൽപാദക ഫെഡറേഷനിലും 19 ഉൽപാദക കമ്പനികളിലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നത്. നാളികേര കർഷകർക്കു സബ്സിഡി നൽകുമെന്നു നീര ഉൽപാദനത്തിനു 17 ഫെഡറേഷനുകൾക്കു ലൈസൻസ് നൽകുന്ന വേളയിൽ കഴിഞ്ഞ വർഷം മാർച്ച് രണ്ടിന് കോട്ടയത്തു നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. പിന്നീട് 156 പേർക്കു ലൈസൻസ് നൽകാൻ ഈ വർഷം ജനുവരി 16 ന് കൊച്ചിയിൽ സംഘടിപ്പിച്ച ചടങ്ങിലും അദ്ദേഹം പ്രഖ്യാപനം ആവർത്തിച്ചു. വാണിജ്യാടിസ്ഥാനത്തിൽ നീര ഉൽപാദിപ്പിക്കുന്ന കേരളത്തിലെ ആദ്യ പ്ലാന്റ് ഫെബ്രുവരി 26 ന് കൊല്ലത്ത് ഉദ്ഘാടനം ചെയ്തപ്പോഴും മുഖ്യമന്ത്രി ഇതേ വാഗ്ദാനം നൽകിയെങ്കിലും മാർച്ച് 31 വരെ ആർക്കും സബ്സിഡി നൽകിയില്ല. ഇതോടെ ബജറ്റിൽ വകയിരുത്തിയ 15 കോടിയും ലാപ്സായി.